പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2071 — 13.06.2019 ൽ മറുപടിക്ക്

## കുടുംബാരോഗ്യകേന്ദ്രങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ. വിജയൻ പിള്ള | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) |
| (എ) സംസ്ഥാനത്ത് ആകെ എത്ര പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റിയിട്ടുണ്ടെന്നും ഇതിൽ എത്രയെണ്ണം പ്രവർത്തിച്ച് തുടങ്ങിയിട്ടുണ്ടെന്നും വെളിപ്പെടുത്താമോ; | (എ) 2017 -2018 ൽ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റാൻ തെരെഞ്ഞെടുത്തിരുന്നത്. ഇതിൽ 159 കേന്ദ്രങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായ എല്ലായിടങ്ങളിലും എഫ്.എച്ച്.സി. പ്രവർത്തിച്ചു വരുന്നുണ്ട്. 2018 -2019 ൽ 504 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുള്ളത്. ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി നടന്നു വരുന്നു. |
| (ബി) ഇനിയും പ്രവർത്തനം തുടങ്ങാത്ത കുടുംബാരോഗ്യകേന്ദ്രങ്ങൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ? | (ബി) അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് നിലവിലുണ്ടായിരുന്നതും, പ്രളയത്തെതുടർന്ന് നാശനഷ്ടങ്ങൾ നേരിട്ട സ്ഥലങ്ങളിലുമാണ് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിയാത്തതും, ആരംഭിക്കാൻ കഴിയാത്തതും. നിർമ്മാണ പ്രവർത്തനം പൂർത്തിയാകാത്ത കുടുംബാരോഗ്യ കേന്ദ്രങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ഇരവിപുരം(കൊല്ലം) ,<br>2. നിരണം (പത്തനംതിട്ട)<br>3. നീലംപേരൂർ (ആലപ്പുഴ),<br>4. തലവടി (ആലപ്പുഴ)<br>5. പള്ളിപ്പുറം (ആലപ്പുഴ)<br>6. ആല (ആലപ്പുഴ)<br>7. ഇളംദേശം (ഇടുക്കി)<br>8. ഒഴൂർ (മലപ്പുറം)<br>9. കോട്ടൂർ (കോഴിക്കോട്)<br>10. കക്കോടി (കോഴിക്കോട്)<br>11. ആയഞ്ചേരി (കോഴിക്കോട്)<br>രണ്ടാം ഘട്ടത്തിൽ എഫ്.എച്ച്.സി.ആയി ഉൾപ്പെടുത്തിയ കേന്ദ്രങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ